**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4479** **29-10-2021 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് ഗ്രാജേറ്റ് സർട്ടിഫിക്കറ്റ് കോഴ്സ് ഫോർ പ്രൊഫഷണൽ ഡവലപ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | 'ക്രസ്റ്റ്' നടത്തുന്ന പി.ജി.സി.സി.പി.ഡി കോഴ്സ് നാളിതുവരെ എത്ര വിദ്യാർത്ഥികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 2002 മുതൽ 33 ബാച്ചുകളിലായി 1320 വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കോഴ്സ് തൊഴിൽ സമ്പാദനത്തിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | പഠനം പൂർത്തിയാക്കിയതിൽ 301 പേർ സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലും, 18 പേർ വിദേശത്ത് ഉന്നത ജോലിയിലും, 107 പേർക്ക് സ്വകാര്യ മേഖലയിൽ ഉയർന്ന ജോലിയും ലഭിച്ചിട്ടുണ്ട്. കൂടാതെ 12 പേർ സ്വയം സംരംഭകരും 48 പേർ വിദേശ രാഷ്ട്രങ്ങളിലേക്കും ഉന്നത വിദ്യാഭ്യാസം നേടിയവരുമാണ്. CREST നടത്തുന്ന അഞ്ച് മാസം ദൈർഘ്യമുള്ള PGCCPD റസിഡൻഷ്യൽ പ്രോഗ്രാം രൂപകല്പന ചെയ്തത് ഇന്ത്യയിലെ പ്രശസ്ത മാനേജ്മെന്റ് സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് (IIM Kozhikode) ആണ്. അന്തർദേശീയ തലത്തിൽ പ്രശസ്തമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, ബാംഗ്ലൂർ എന്നീ സ്ഥാപനങ്ങളുടെ സഹായവും ലഭിക്കുന്നു. കേരളത്തിനകത്തും പുറത്തു നിന്നുമുള്ള പ്രഗത്ഭരായ അധ്യാപകരാണ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നത്. ഈ കോഴ്സ് തൊഴിൽ ലഭ്യമാകുന്നതിന് പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ